(സി) ഗവണ്മെന്റ് ഒരു തീരുമാനവും എടുത്തിട്ടില്ല.

(ഡി) ഇല്ല.

(ഈ) പിരിവു വല്ലതും നടത്തിയിട്ടുണ്ടെങ്കിൽ അതു് ഏതു കേന്ദ്രമാക്കാൻ നിർബന്ധിക്കുന്നതിനുള്ള വല്ല അധികാരവും ഗവണ്മെൻറിനുണ്ടെന്നു തോന്നുന്നില്ല.

Scarcity of Electricity

9. [15] **Shri C. F. Pereira:** Will the Minister for Public Works be pleased to state :

Whether Government are aware that newly started Industries such as Textile Mills are running at a loss as they are not being supplied with electrical energy during day time?

Answer

Government are aware that power supply to fresh industrial connections now being given in the Malabar area, fed from the Madras rid, is restricted to the hours between 10 P. M. and 7 A. M. This restriction will be removed with the progressive change over of supply of the Kerala system, which will be completed upon the commissioning of the Sholayar and Sabarigiri Hydro Electric Projects in the State.

ടൗൺപ്ലാനിംഗ്

10. [16] ശ്രീ. കെ. അവുക്കാതർ കുട്ടിനഹ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതു ജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ട ജില്ലയിലെ ടൗൺപ്ലാനിംഗിനു കോർപ്പറേഷനു പുറമേ ഏതെല്ലാം പഞ്ചായത്തുകളാണു് തിരഞ്ഞെടുത്തിട്ടുള്ളതു് ;

(ബി) വള്ളിക്കുന്നു പഞ്ചായത്തിനോടു് തൊട്ടുകിടക്കുന്നതും പിന്നോക്ക പ്രദേശവുമായ പരപ്പനങ്ങാടി പഞ്ചായത്തുകൂടി ഇതിൽഉൾപ്പെടുത്തുവാൻ വേണ്ടതു ചെയ്യുമോ ?

ഉത്തരം

(എ) ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ടു്. †

(ബി) കോഴിക്കോട്ട മേഖലാപദ്ധതിയിൽ ഏതാനും പഞ്ചായത്തുകൂടി ഉൾപ്പെടുത്തേണമോ എന്നതിനെക്കുറിച്ചു് പ്രാരംഭോപേക്ഷണം നടത്തികൊണ്ടിരിക്കുകയാണു്. പരപ്പനങ്ങാടി പഞ്ചായത്തുകൂടി ഉൾപ്പെടുത്തണമോ എന്ന കാര്യം പ്രാരംഭോപേക്ഷണം പൂർത്തിയായതിനുശേഷം തീരുമാനിക്കുന്നതാണു്.

മിഡ്വൈഫുമാരെ നഴ്സസ് ആക്കുന്നതിനുള്ള ട്രെയിനിംഗ്

11. [17] ശ്രീ. പാറയിൽ ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഴ്സിംഗ് കൗൺസിലിന്റെ കീഴിലുള്ള മിഡ്വൈഫ്മാരെ നഴ്സായി നിയമിക്കുന്നതു സംബന്ധിച്ചു് എന്തെങ്കിലും ട്രെയിനിംഗ് ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണു്;

† Appendix VII

LIBRARY ARCHIVES Kerala Legislative Assembly

(സി) നെയ്യാറ്റിൻകര താലൂക്കിൽപ്പെട്ട ഒപ്പമ്പരിലെ പി. എച്ച്. മിഡ്‌വൈഫ് ശ്രീമതി ബി. സരസം നഴ്സായി നിയമനം ലഭിക്കുന്നതിനു 22-1-1964-ൽ ഡയറക്ടർ ആഫ് ഹെൽത്തു് സർവ്വീസസിനു അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ഉത്തരം

(എ) നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ ഉള്ള മിഡ്‌വൈഫ്മാരെ നഴ്സായി നിയമിക്കുന്നതു സംബന്ധിച്ചു് പ്രത്യേകം രൂപകളൊന്നുമില്ല. നഴ്സായി നിയമിക്കപ്പെടാൻ വേണ്ട യോഗ്യതകളുള്ളവരെ പബ്ലിക് സർവ്വീസ് കമ്മീഷൻവഴി തെരഞ്ഞെടുക്കുകയാണു പതിവു്. വേണ്ടത്ര യോഗ്യതകളുള്ളവർ ആരെങ്കിലും മിഡ്‌വൈഫ്കളായി ജോലിയിൽ ഇരിക്കുന്നുണ്ടെങ്കിൽ അവരും ഒഴിവുകൾ വരുമ്പോൾ മുറപ്രകാരം സർവ്വീസ് കമ്മിഷൻവഴി അപേക്ഷിക്കേണ്ടതാണു്. സർവ്വീസിലിരിക്കുന്നവരെ നേരിട്ടു് നഴ്സായി നിയമിക്കുന്നതിനു് നിബന്ധനകളൊന്നുമില്ല.

(ബി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(സി) ഉണ്ടു്.

(ഡി) 'എ' യുടെ ഉത്തരത്തിൽ പറഞ്ഞ രീതിയിൽ അപേക്ഷിക്കേണ്ടതാണെന്നു കാണിച്ചു് 2-3-1964-ൽ തിരുവനന്തപുരം ഡിസ്ട്രിക്ടു് മെഡിക്കൽ ആഫീസർവഴി മറുപടി അയച്ചിട്ടുണ്ടു്.

വിദ്യാഭ്യാസവിഷയം യൂണിയൻ കൺകറന്റു് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന നടപടി.

12. [23] ശ്രീ. എം. കൃഷ്ണൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വിഷയം യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെയോ കൺകറന്റു് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെയോ സംബന്ധിച്ചു് കേന്ദ്രഗവണ്മെന്റു് ഈ ഗവണ്മെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ചു് ഗവണ്മെന്റു് സ്വീകരിച്ച നടപടിയെന്തു്?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഹെൽത്തു് സർവ്വീസസ് ഡയറക്ടറുടെ ഒരു ഉത്തരവിനെതിരായ അപ്പീൽ.

13. [26] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം മെഡിക്കൽ കോളേജു് ഹോസ്പിറ്റലിൽ ജോലി നോക്കുന്ന മിഡ്‌വൈഫ് മേരി തോമസ്സു് 25-10-1963-ൽ ഹെൽത്തു് സർവ്വീസസ് ഡയറക്ടറുടെ ഒരു ഉത്തരവിനെതിരായി ഗവണ്മെന്റിൽ ഒരു അപ്പീൽ കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടന്നു?

ഉത്തരം

(എ) ഉണ്ടു്.

(ബി) അതു് ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly